**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 237** **22-01-2021 - ൽ മറുപടിയ്ക്ക്**

**പിന്നോക്കവിഭാഗ വികസന കോർപ്പറേഷന്റെ ക്ഷേമപദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . വി കെ പ്രശാന്ത്,<br>ശ്രീ പി .ടി .എ . റഹീം ,<br>ശ്രീ . ജോൺ ഫെർണാണ്ടസ് ,<br>ശ്രീ. വി. അബ്ദുറഹിമാൻ | | Shri A. K. Balan<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെൻററികാര്യവും വകുപ്പുമന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തെ പിന്നോക്കവിഭാഗക്കാരുടെ ക്ഷേമത്തിനായി ആവിഷ്കരിച്ച നൂതനപദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പിന്നാക്ക വിഭാഗക്കാരുടെ ക്ഷേമത്തി നായി പിന്നാക്ക വിഭാഗ വികസന വകുപ്പ് ആവിഷ്കരിച്ച നൂതന പദ്ധതിയാണ് 'കുംഭാര കോളനി അടിസ്ഥാന സൗകര്യ വികസന പദ്ധതി'. എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം എന്ന പദ്ധതിയുടെ ഘടകമായി സിക്കിൾസെൽ രോഗബാധിതർക്ക് സ്വയം തൊഴിൽ ധനസഹായം, പ്രളയബാധിത പ്രദേശ ങ്ങളിലെ പരമ്പരാഗത തൊഴിലാളികൾക്ക് ജീവനോപാധി പുനഃസ്ഥാപനം, പ്രൊഫഷണല്യ കൾക്കുള്ള സ്റ്റാർട്ട് അപ് സംരംഭം, ബി.പി.എൽ കുടുംബങ്ങൾക്കുള്ള സ്വയംതൊഴിൽ സംരംഭം എന്നിവയും ആവിഷ്കരിച്ച് നടപ്പിലാക്കി. പിന്നോക്ക വിഭാഗക്കാരുടെ ക്ഷേമത്തിനായി കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ മുഖേന ആവിഷ്കരിച്ച പദ്ധതികൾ ചുവടെ ചേർക്കുന്നു. 1. പ്രവാസികൾക്ക് വേണ്ടി റീ-ടേൺ സ്വയം തൊഴിൽ വായ്പ. 20 ലക്ഷം രൂപ വായ്പ. 3 ലക്ഷം രൂപ മൂലധന സബ്സിഡി, വായ്പാ തിരിച്ചടവിന്റെ ആദ്യ വർഷം 3% പലിശ സബ്സിഡി, വായ്പാ തുകയേക്കാൾ കുറഞ്ഞ തിരിച്ചടവ്. 2. ഒ.ബി.സി. വിഭാഗത്തിൽപ്പെട്ട ഭവന രഹിതർക്ക് വേണ്ടി 'എന്റെ വീട്' ഭവന നിർമ്മാണ വായ്പാ പദ്ധതി. 10 ലക്ഷം രൂപ വായ്പ, 7.5% മുതൽ 8% വരെ പലിശ നിരക്ക്. 3. ഒ.ബി.സി. വിഭാഗം പ്രൊഫഷണല്യകൾക്ക് 'സ്റ്റാർട്ട് അപ്' വായ്പാ പദ്ധതി. 10 ലക്ഷം രൂപ വായ്പ. 2 ലക്ഷം രൂപ മൂലധന സബ്സിഡി. 4. താഴ്ന്ന വരുമാനക്കാരായ ഒ.ബി.സി. കുടുംബ ങ്ങൾക്ക് 'റീ ലൈഫ്' വായ്പാ പദ്ധതി. 1 ലക്ഷം രൂപ വായ്പ. 25000 രൂപ മൂലധന സബ്സിഡി. 5. ശുചീകരണ മേഖലയിലെ തൊഴിലാളികൾ, അവരുടെ കുടുംബാംഗങ്ങൾ എന്നിവർക്ക് NSKFDC |

| | | | |
|---|---|---|---|
| | | | വായ്പ. 3% പലിശ നിരക്കിൽ കുടുംബശ്രീ സി.ഡി.എസ്സുകൾക്ക് 3 കോടി രൂപ വായ്പ. |
| (ബി) | പ്രസ്തുത വിഭാഗക്കാരുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനും സാമ്പത്തിക ഉന്നമനത്തിനുമായി കേരള സംസ്ഥാന പിന്നോക്കവിഭാഗ വികസന കോർപ്പറേഷൻ മുഖേന നൽകിവരുന്ന സഹായങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (ബി) | പിന്നാക്ക വിഭാഗക്കാരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനും സാമ്പത്തിക ഉന്നമനത്തിനുമായി കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ വൈവിദ്ധ്യമാർന്ന ഒട്ടേറെ വായ്പാ പദ്ധതികൾ നടപ്പിലാക്കി വരുന്നു. വായ്പാ പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു. |
| (സി) | കെ.എസ്.ബി.സി.ഡി.സി.യുടെ നിലവിലുള്ള വായ്പാപദ്ധതികൾ ആകർഷകമാക്കുന്നതിനും പുതിയവ ആരംഭിക്കുന്നതിനും പദ്ധതി നിർവ്വഹണവും വായ്പാ തിരിച്ചടവും ഊർജ്ജിതമാക്കുന്നതിനും ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (സി) | കോർപ്പറേഷന്റെ നിലവിലുള്ള വായ്പാ പദ്ധതികൾ ആകർഷകമാക്കുന്നതിനും, പദ്ധതി നിർവ്വഹണവും, വായ്പാ തിരിച്ചടവും ഊർജ്ജിതമാക്കുന്നതിനും സ്വീകരിച്ച നടപടികൾ അനുബന്ധം 2 ആയി ചേർക്കുന്നു. |
| (ഡി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രസ്തുത കോർപ്പറേഷൻ കുടുംബശ്രീ സി.ഡി.എസ്-കൾ മുഖേന സ്ത്രീ ശാക്തീകരണത്തിന് സഹായകമായി മൈക്രോ ക്രെഡിറ്റ് വായ്പാപദ്ധതി ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കുടുംബശ്രീ സി.ഡി.എസ്-കൾ മുഖേന ശുചീകരണ മേഖലകളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സ്ത്രീകളുടെ ഉന്നമനത്തിനായി ദേശീയ സഫായി കർമ്മചാരീസ് ധനകാര്യ വികസന കോർപ്പറേഷൻ (NSKFDC) ധനസഹായത്തോടെ പുതിയ മൈക്രോ ക്രെഡിറ്റ് പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഇതിന് പുറമേ, നിലവിൽ കോർപ്പറേഷൻ നടപ്പിലാക്കി വന്ന മൈക്രോ ക്രെഡിറ്റ് വായ്പാ പദ്ധതി പ്രകാരം ഒരു സി.ഡി.എസ്-ന് അനുവദനീയമായ വായ്പാ പരിധി ഒരു കോടി രൂപയിൽ നിന്നും 3 കോടി രൂപയായി വർദ്ധിപ്പിച്ചു. ഇതിന് പുറമേ അപേക്ഷ സമർപ്പണവും പരിശോധന ഉൾപ്പെടെയുള്ള തുടർ നടപടികളും എളുപ്പമാക്കുന്നതിനും ത്വരിതപ്പെടുത്തുന്നതിനും ഓൺലൈൻ അപേക്ഷ സമർപ്പണം ഏർപ്പെടുത്തി. ടി പദ്ധതി സംബന്ധിച്ച വിശദാംശങ്ങൾ തദ്ദേശ സ്വയം ഭരണ സ്ഥാപന മേധാവികൾ, കുടുംബശ്രീ തുടങ്ങിയവർക്ക് വിതരണം ചെയ്യുകയും പദ്ധതിയ്ക്ക് ദിനപത്രങ്ങളിൽ പരസ്യം ഉൾപ്പെടെ വ്യാപകമായ പ്രചാരണം നൽകുകയും ചെയ്തു. ടി നടപടികളുടെ ഫലമായി ഈ സർക്കാരിന്റെ കാലയളവിൽ മാത്രം 407 കുടുംബശ്രീ സി.ഡി.എസ്സ്-കളിൽ അംഗങ്ങളായ 151541 വനിതകൾക്ക് 505.98 കോടി രൂപ നാളിതുവരെ ഈ പദ്ധതി പ്രകാരം വായ്പയായി വിതരണം ചെയ്യുന്നതിന് സാധിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം 1

## മറ്റു പിന്നാക്ക വിഭാഗങ്ങൾക്കായുള്ള (OBC) പദ്ധതികൾ - NBCFDC പദ്ധതികൾ

<table>
<tr><th>പദ്ധതിയുടെ പേര്</th><th>പരമാവധി വായ്പാ തുക</th><th>പലിശ നിരക്ക്</th></tr>
<tr><td>1. സ്വയം തൊഴിൽ പദ്ധതി<br>(3,00,000/- രൂപയിലും താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്)</td><td>15 ലക്ഷം രൂപ</td><td>5 ലക്ഷം രൂപ വരെ - 6%<br>5 ലക്ഷത്തിന് മുകളിൽ<br>10 ലക്ഷം വരെ - 7%<br>10 ലക്ഷത്തിന് മുകളിൽ - 8%</td></tr>
<tr><td>2. വനിതകൾക്കായുള്ള പ്രത്യേക സ്വയം തൊഴിൽ വായ്പ (ന്യൂ സ്വർണ്ണിമ)<br>(3,00,000/- രൂപയിലും താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്)</td><td>2 ലക്ഷം രൂപ</td><td>5%</td></tr>
<tr><td>3. വിദ്യാഭ്യാസ വായ്പാ പദ്ധതി<br>(3,00,000/- രൂപയിലും താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്)</td><td>ഇന്ത്യയ്ക്ക് അകത്ത് പഠിക്കുന്നതിന് 15 ലക്ഷം രൂപ (പ്രതിവർഷം 3 ലക്ഷം രൂപ)<br>വിദേശത്ത് പഠിക്കുന്നതിന് 20 ലക്ഷം രൂപ (പ്രതിവർഷം 4 ലക്ഷം രൂപ)</td><td>ആൺകുട്ടികൾ - 4%<br>പെൺകുട്ടികൾ - 3.5%</td></tr>
<tr><td>4. ലഘു വായ്പാ പദ്ധതി<br>(സന്നദ്ധ സംഘടനകൾ / CDS വഴി നൽകുന്ന വായ്പ)<br>(3,00,000/- രൂപയിലും താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്)</td><td>CDS -കൾക്ക് പരമാവധി 3 കോടി രൂപ<br>NGO -കൾക്ക് പരമാവധി 3 കോടി രൂപ</td><td>NGO / CDS – 4%,<br>SHG ക്ക് - 5%</td></tr>
<tr><td>5. മഹിളാ സമൃദ്ധി യോജന<br>(വനിതകൾക്കുള്ള ലഘു വായ്പ)<br>(3,00,000/- രൂപയിലും താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്)</td><td>CDS -കൾക്ക് പരമാവധി 3 കോടി രൂപ</td><td>CDS – 3%,<br>SHG ക്ക് - 4%</td></tr>
<tr><td rowspan="2">6. റി-ടേൺ വായ്പാ പദ്ധതി<br>(പ്രവാസ ജീവിതത്തിന് ശേഷം നാട്ടിൽ സ്ഥിര താമസമാക്കുന്നതിന് വേണ്ടി മടങ്ങിവരുന്നവർക്കുള്ള പദ്ധതി)</td><td>20 ലക്ഷം രൂപ</td><td>5 ലക്ഷം രൂപ വരെ - 6%<br>5 ലക്ഷത്തിന് മുകളിൽ<br>10 ലക്ഷം വരെ - 7%<br>10 ലക്ഷത്തിന് മുകളിൽ - 8%</td></tr>
<tr><td colspan="2"><u>പ്രത്യേക ആനുകൂല്യം</u><br>പദ്ധതി അടങ്കലിന്റെ 15% വരെ മൂലധന സബ്സിഡി വായ്പാ തിരിച്ചടവിന്റെ ആദ്യ 4 വർഷങ്ങളിൽ 3% പലിശ സബ്സിഡി.</td></tr>
<tr><td rowspan="2">7. സ്റ്റാർട്ട്-അപ് വായ്പാ പദ്ധതി<br>(പ്രൊഫഷണലുകൾക്ക് യോഗ്യതാടിസ്ഥാനത്തിൽ വരുമാന ദായക സംരംഭം ആരംഭിക്കുന്നതിനായി)</td><td>20 ലക്ഷം രൂപ</td><td>5 ലക്ഷം രൂപ വരെ - 6%<br>5 ലക്ഷത്തിന് മുകളിൽ<br>10 ലക്ഷം വരെ - 7%<br>10 ലക്ഷത്തിന് മുകളിൽ - 8%</td></tr>
<tr><td colspan="2"><u>പ്രത്യേക ആനുകൂല്യം</u><br>വായ്പാ തുകയുടെ 20% (പരമാവധി 2 ലക്ഷം രൂപ) പിന്നാക്ക വിഭാഗ വികസന വകുപ്പിൽ നിന്നുള്ള സബ്സിഡി</td></tr>
</table>

**ശുചീകരണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന വ്യക്തികൾക്ക് - NSKFDC പദ്ധതികൾ**

| പദ്ധതിയുടെ പേര് | പരമാവധി വായ്പാ തുക | പലിശ നിരക്ക് |
|---|---|---|
| 1. ലഘു വായ്പാ പദ്ധതി (സന്നദ്ധ സംഘടനകൾ / CDS വഴി നൽകുന്ന വായ്പ) | CDS / NGO – 3 കോടി രൂപ | CDS / NGO – 4%, SHG - 5% |
| 3. മഹിളാ സമൃദ്ധി യോജന (വനിതകൾക്കുള്ള ലഘു വായ്പ) (വരുമാന പരിധി ബാധകമല്ല) | CDS / NGO – 3 കോടി രൂപ | CDS / NGO – 3%, SHG - 4% |

**KSBCDC ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന പദ്ധതികൾ**

| പദ്ധതിയുടെ പേര് | പരമാവധി വായ്പാ തുക | പലിശ നിരക്ക് |
|---|---|---|
| 1. പെൺകുട്ടികളുടെ വിവാഹ വായ്പാ പദ്ധതി (3 ലക്ഷം രൂപയിൽ താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | 2 ലക്ഷം രൂപ | 6% |
| 2. സുവർണ്ണ ശ്രീ വായ്പ (ബഹുവിധ ആവശ്യങ്ങൾക്ക്) (3 ലക്ഷം രൂപയിൽ താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | 3 ലക്ഷം രൂപ | 9% |
| 3. പ്രവർത്തന മൂലധന വായ്പാ (3 ലക്ഷം രൂപയിൽ താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | 3 ലക്ഷം രൂപ | 8% |
| 4. ബിസിനസ്സ് ഡെവലപ്മെന്റ് വായ്പ (3 ലക്ഷം രൂപയിൽ താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | 5 ലക്ഷം രൂപ | 9% |
| 5. വിദ്യാശ്രീ വായ്പ പദ്ധതി (3 ലക്ഷം രൂപയിൽ താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | 3 ലക്ഷം രൂപ | 6% |
| 6. വാഹന വായ്പ (8 ലക്ഷം രൂപയിൽ താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | 8 ലക്ഷം രൂപ | 9% |
| 7. ഗൃഹ പുനരുദ്ധാരണ വായ്പ (സ്വസ്ഥ ഗൃഹ) (8 ലക്ഷം രൂപയിൽ താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | 5 ലക്ഷം രൂപ | 10% |
| 8. വ്യക്തിഗത വായ്പ (8 ലക്ഷം രൂപയിൽ താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | 5 ലക്ഷം രൂപ | 11% |
| 9. എന്റെ വീട് (ഭവന നിർമ്മാണ വായ്പാ പദ്ധതി) - 1 (1,20,000/- ലക്ഷം രൂപയിൽ താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | 5 ലക്ഷം രൂപ | 7.50% |
| 10. എന്റെ വീട് (ഭവന നിർമ്മാണ വായ്പാ പദ്ധതി) - 2 (3 ലക്ഷം രൂപയിൽ താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | 10 ലക്ഷം രൂപ | 8% |

## അനുബന്ധം 2

- തനത് ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കുന്ന വായ്പാ പദ്ധതികളുടെ, കുടുംബ വാർഷിക വരുമാന പരിധി 1,20,000/- രൂപയിൽ നിന്ന് 3,00,000/- രൂപയായി വർദ്ധിപ്പിച്ചു.
- തനത് ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കുന്ന വിവാഹ വായ്പ, സുവർണ്ണശ്രീ, വിദ്യാശ്രീ, ഭവന പുനരുദ്ധാരണ വായ്പ, വാഹന വായ്പ എന്നീ വായ്പാ പദ്ധതികൾ പ്രകാരം അനുവദിക്കാവുന്ന പരമാവധി വായ്പാ തുകയിൽ കാലോചിതമായ വർദ്ധനവ് വരുത്തി പരിഷ്കരിച്ചു.
- മൈക്രോ ക്രെഡിറ്റ് വായ്പാ പദ്ധതി പ്രകാരം കുടുംബശ്രീ സി.ഡി.എസ് -കൾക്ക് അനുവദിക്കാവുന്ന പരമാവധി വായ്പ ഒരു കോടി രൂപയിൽ നിന്നും 3 കോടി രൂപയായി വർദ്ധിപ്പിച്ചു.
- ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കോർപ്പറേഷന്റെ 14 ഉപജില്ലാ ഓഫീസുകൾ കൂടി ആരംഭിച്ചു. ഇതോടെ കോർപ്പറേഷന്റെ ജില്ല/ ഉപജില്ല ഓഫീസുകളുടെ എണ്ണം 34 ആയി ഉയർന്നിട്ടുണ്ട്.
- ഓൺലൈനായി വായ്പ തിരിച്ചടയ്ക്കുന്നതിന് "SBI Collect" സംവിധാനം ഏർപ്പെടുത്തി.
- ഗുണഭോക്താവിന്റെ / കുടുംബാംഗത്തിന്റെ മരണം, ഗുരുതര രോഗം മുതലായ കാരണങ്ങളാൽ വായ്പാ തിരിച്ചടവിന് സാധിക്കാത്ത 767 ഗുണഭോക്താക്കൾക്ക് LDRF പദ്ധതി പ്രകാരം 4.91 കോടി രൂപയുടെ തിരിച്ചടവ് ഇളവ് നൽകി വായ്പാ അക്കൗണ്ടുകൾ തീർപ്പാക്കി.
- ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം 9247 ഗുണഭോക്താക്കൾക്ക് 2.37 കോടി രൂപയുടെ വായ്പാ തിരിച്ചടവ് ഇളവ് നൽകി വായ്പാ അക്കൗണ്ടുകൾ തീർപ്പാക്കി.
- പ്രളയബാധിതരായ ഗുണഭോക്താക്കൾക്കും കോവിഡ് 19 പ്രതിസന്ധി ഘട്ടത്തിൽ അർഹരായ മുഴുവൻ ഗുണഭോക്താക്കൾക്കും മോറട്ടോറിയം ആനുകൂല്യം അനുവദിച്ചു. നാളിതുവരെ 97710 ഗുണഭോക്താക്കൾക്ക് അനുവദിച്ചത് 6.88 കോടി രൂപയുടെ ആനുകൂല്യം.
- പ്രവാസികൾക്ക് വേണ്ടി റീ-ടേൺ സ്വയം തൊഴിൽ വായ്പ. 20 ലക്ഷം രൂപ വായ്പ. 3 ലക്ഷം രൂപ മൂലധന സബ്സിഡി, വായ്പാ തിരിച്ചടവിന്റെ ആദ്യ വർഷം 3% പലിശ സബ്സിഡി, വായ്പാ തുകയേക്കാൾ കുറഞ്ഞ തിരിച്ചടവ്.
- ഒ.ബി.സി. വിഭാഗത്തിൽപ്പെട്ട ഭവന രഹിതർക്ക് വേണ്ടി 'എന്റെ വീട്' ഭവന നിർമ്മാണ വായ്പാ പദ്ധതി. 10 ലക്ഷം രൂപ വായ്പ, 7.5% മുതൽ 8% വരെ പലിശ നിരക്ക്.
- ഒ.ബി.സി. വിഭാഗം പ്രൊഫഷണലുകൾക്ക് 'സ്റ്റാർട്ട് അപ്' വായ്പാ പദ്ധതി. 10 ലക്ഷം രൂപ വായ്പ. 2 ലക്ഷം രൂപ മൂലധന സബ്സിഡി.
- താഴ്ന്ന വരുമാനക്കാരായ ഒ.ബി.സി. കുടുംബ ങ്ങൾക്ക് 'റീ ലൈഫ്' വായ്പാ പദ്ധതി. 1 ലക്ഷം രൂപ വായ്പ. 25000 രൂപ മൂലധന സബ്സിഡി.
- ശുചീകരണ മേഖലയിലെ തൊഴിലാളികൾ, അവരുടെ കുടുംബാംഗങ്ങൾ എന്നിവർക്ക് NSKFDC വായ്പ. 3% പലിശ നിരക്കിൽ കുടുംബശ്രീ സി.ഡി.എസ്സുകൾക്ക് 3 കോടി രൂപ വായ്പ.